# SREE NARAYANA ASSOCIATION OF NORTH AMERICA





## SOUVENIR 2007

# Sree Narayana Association
## of North America, Inc.

P.O. Box 260009 ▪ Bellerose ▪ NY 11426 - 0009

www.snaofna.org

**PRESIDENT**
Radhakrishnan P.K.
(914) 937 6794
**VICE PRESIDENT**
Mrs. Prasanna Babu
(718) 816 9812
**GENERAL SECRETARY**
Sahrudayan K.G.
(631) 225 6326
**JOINT SECRETARY**
Mrs. Omana Vasudev
(516) 932 9863
**TREASURER**
Jayachandran Ramakrishnan
(631) 893 3043
**ASST. TREASURER**
Mrs. Suprabha Mani
(516) 437 5520

**Executive Committee**
Babu Divakaran
(718) 816 9812
Mani N.S
(516) 437 5520
Prasannakumar Ramankutty
(516) 385 4156
Prabhakaran V.V.
(516) 302 8891
Mrs. Vilasini Madhu
(718) 615 1023

**Board of Trustees**
**CHAIRMAN**
Vasudev Pulickal
(516) 932 9863
Mrs. Beena Prasannakumar
(516) 385 4156
Mrs. Paru Damodaran
(718) 470 0958
Sanjiv K.N.
(718) 264 1002
Sasi Divakaran
(718) 979 1036
Upendran Panicker
(718) 273 1313

**Women's Forum**
**PRESIDENT**
Mrs. Kala Prasannan
(718) 648 5987
**SECRETARY**
Mrs. Geetha Mohan
(516) 502 6767

**Youth Forum**
**PRESIDENT**
Preethi Kumar
(516) 385 4156
**SECRETARY**
Sameer Sahrudayan
(631) 225 6326
**TREASURER**
Anjana Divakaran
(718) 979 1036

**Auditors**
Babu Uthaman, CPA
(516) 603 2723
Sujatha Somarajan
(718) 336 4137

## <u>ചെയർമാന്റെ സന്ദേശം</u>

കാലചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു. പിന്നിട്ട കാലയളവിൽ പല വിധ പ്രതികൂല സാഹചര്യങ്ങളേയും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും അവയൊക്കെ തരണം ചെയ്ത് നമുക്ക് മുന്നോട്ട് പോകാൻ സാധിച്ചിട്ടുള്ളത് ദൈവകാരുണ്യം കൊണ്ടും ഗുരുദേവകൃപകൊണ്ടും മാത്രമാണ്. പരുപരുത്ത അനുഭവങ്ങളുടെ വിങ്ങലുകളെ മനസ്സിന്റെ പിന്നാമ്പുറത്തേക്ക് തള്ളി മാറ്റി പോയ വർഷങ്ങളിലെ മധുരിക്കുന്ന ഓർമകളെ തലോടി പ്രതീക്ഷകളുടെ മണിമഞ്ചലിലേറി നമുക്ക് സോല്ലാസം മുന്നോട്ട് പോകാം.

ജീവിതായോധനത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളും മറികടക്കേണ്ടി വരുന്ന സാഹചര്യങ്ങളും എത്ര കഠിനമാണെങ്കിലും സഹജീവികളോടുള്ള സ്നേഹവും കാരുണ്യവും കൈവിട്ടു പോകാതിരിക്കാൻ ശ്രദ്ധിക്കണം. സഹജീവികളുടെ ജീവിതയാതനകൾ നാരായണഗുരുവിന്റെ മനസ്സിലുണ്ടാക്കിയ ചലനങ്ങളാണ് നാരായണ ഗുരുവിനെ സ്വാർത്ഥതയുടെ ഉന്നമില്ലാത്ത സാമൂഹ്യവിപ്ലവകാരിയാക്കിയത്. അനുകമ്പാദശകത്തിലൂടെ നാരായണഗുരു സ്നേഹത്തിന്റെ, അനുകമ്പയുടെ വഴി കാണിച്ചു തരുന്നു:

**ഒരു പീഡയെറുമ്പിനും വരു–**
**ത്തരുതെന്നുള്ളനുകമ്പയും സദാ–**
**കരുണാകര, നല്കുകുള്ളിൽ നിൻ–**
**തിരുമെയ് വിട്ടകലാതെ ചിന്തയും.**

എന്ന് പറയുക മാത്രമല്ല അതു പ്രാവർത്തികമാക്കുകയും ചെയ്ത അനുകമ്പയുടെ മൂർത്തീഭാവമായ നാരായണഗുരുവിന്റെ അനുയായികളെന്ന് അഭിമാനപുരസ്സരം പറയുമ്പോൾ, നമ്മൾ ഗുരുവിന്റെ വാക്കുകൾ മാനിക്കുകയും ഗുരു കാണിച്ചു തന്ന മാർഗത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കുകയും വേണം.

**ഉപദ്രവിക്ക ബന്ധിക്ക**
**കൊല്ലുകയെന്നവയൊന്നുമെ**
**ചെയ്യാത്ത ജന്തുപ്രിയനു**
**ചേരും പരമമാം സുഖം.**

എന്ന് മനുഷ്യവർഗത്തിന്റെ സീമ കടന്ന് ജന്തുവർഗത്തിലേക്ക് വ്യാപിച്ചു നില്ക്കുന്ന അഹിംസയിൽ പൊതിഞ്ഞ ഈ സ്നേഹദർശനത്തെ ജീവിതത്തിൽ പ്രായോഗികമാക്കുമ്പോൾ ഉണ്ടാകുന്ന ചിത്തശുദ്ധിയും മാനസികവികാസവും മറ്റുള്ളവരുടെ മനസ്സിനെകീറിമുറിക്കുന്ന വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും നമ്മെ പിന്തിരിപ്പിക്കാനും സ്നേഹരാഹിത്യത്തിന്റെ കാർമുകിലുകൾ മനസ്സിൽ നിന്നു മായിചു കളയാനും സഹായകമാകും. ഏതൊരാൾക്കും മുങ്ങിനിവർന്ന് സ്വയം ശുദ്ധീകരിക്കാൻ ഉതകുന്ന ശീതളസരോവരമാണ് ഗുരുദേവന്റെ കാരുണ്യദർശനം.

നാരായണഗുരുവിന്റെ അനുകമ്പാദശകത്തിൽ ഉത്തേജിതനായിട്ടാണ് അണുജീവിയിലും സഹോദരപ്രണയം വേണമെന്നും തരുപക്ഷിമൃഗങ്ങളോടും സ്നേഹരസം വേണമെന്നും മഹാകവി കുമാരനാശാൻ പാടിയിട്ടുള്ളത്. ഈ പ്രചോദനമാണ് നമുക്ക് ഓരോരുത്തർക്കും ഉണ്ടാകേണ്ടത്. എന്നുവെച്ചാൽ കുമാരനാശാനെപോലെ കാവ്യം രചിക്കണമെന്നല്ല. നാരായണഗുരുവിന്റെ അനുകമ്പാശകത്തിന്റെ കിരണങ്ങൾ ഏറ്റുവാങ്ങി ജീവിതം അനുകമ്പയിൽ അധിഷ്ഠിതമാക്കുകയും സ്നേഹമയമാക്കുകയും വേണം. സ്നേഹവും കാരുണ്യവും നിറഞ്ഞ ജീവിതത്തിലൂടെ ജന്മസാഫല്യം നേടാൻ നമ്മൾ നമ്മെ പ്രാപ്തരാക്കുക. നാം സ്നേഹസമ്പന്നരാകുമ്പോൾ ശത്രു നമ്മുടെ മുന്നിൽ തോറ്റു പോകുന്നു. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുകരണീയമാകട്ടെ, മാതൃകയാകട്ടെ. ഹൃദയസരസ്സിൽ സാഹോദര്യഭാവം വിരിഞ്ഞു നില്ക്കട്ടെ. അങ്ങനെചുറ്റുപാടും കാണുന്ന വഞ്ചനാത്മകവും സ്വാർത്ഥത നിറഞ്ഞതുമായ ലോകത്തിൽ നിന്ന് വേറിട്ട് നമ്മുടേതായ സ്നേഹത്തിന്റെ, അനുകമ്പയുടെ, ആത്മാർത്ഥതയുടെ ഒരു ലോകം സൃഷ്ടിച്ചുകൊണ്ട് മുന്നോട്ട് പോകാനുള്ള വിവേകമാണ് നമുക്ക് വേണ്ടത്.

വാസുദേവ് പുളിയ്ക്കൽ